നിർവ്വഹിക്കുന്നതുമൂലം അഴിമതി കുറയ്ക്കുന്നതിനും സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ലഭിക്കുന്ന പരാതികളിൻമേൽ തീരുമാനമെടുക്കാൻ ജില്ലാ അടിസ്ഥാനത്തിൽ പരാതി പരിഹാര സെല്ലുകൾ രൂപീകരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. എല്ലാ കളക്ട്രേറ്റുകളിലും ഈ ആവശ്യത്തിലേയ്ക്കായി പരാതിപ്പെട്ടികളും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ലാന്റ് റവന്യൂ കമ്മീഷണറേറ്റിലും സെക്രട്ടേറിയറ്റിലും ലഭിക്കുന്ന പരാതികളിൻമേൽ അന്വേഷണം നടത്തി നടപടികൾ സ്വീകരിച്ചുവരുന്നു.

തൊണ്ടു നിയന്ത്രണ ഉത്തരവ്

30 (*300)ശ്രീമതി രാധാരാഘവൻ :

ശ്രീ. കെ.സി. വേണുഗോപാൽ :

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊണ്ടു നിയന്ത്രണ ഉത്തരവ് ഇപ്പോൾ നിലവിലുണ്ടോ;

(ബി) എങ്കിൽ ഈ ഉത്തരവ്മൂലം കയർ വ്യവസായത്തിന് ഇപ്പോഴത്തെ സാഹചര്യത്തിൽ എന്തെല്ലാം പ്രയോജനങ്ങൾ ലഭിക്കുന്നു എന്നു പറയുമോ;

(സി) സംസ്ഥാനത്തിന് ആവശ്യമായ ചകിരി ഇവിടെ ലഭ്യമാണോ;

(ഡി) അല്ലെങ്കിൽ സംസ്ഥാനത്തിന്റെ ആവശ്യത്തിനുള്ള ചകിരി എവിടെ നിന്നെല്ലാം കൊണ്ടുവരുന്നു എന്ന് അറിയിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) ലഭ്യമല്ല.

(ഡി) അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽനിന്നും സംസ്ഥാനത്തേക്ക് ചകിരി വരുന്നുണ്ട്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമാക്കുന്നതിന് നടപടി

1 (1337)ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ആർ. ബാലകൃഷ്ണപിള്ള :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമാക്കുന്നതിനോ പൂട്ടിക്കിടക്കുന്ന സ്ഥാപനങ്ങൾ തുറക്കുന്നതിനോ ആവശ്യമായ സാമ്പത്തികസഹായം നൽകാമെന്ന് ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly